## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1516 14.06.2013-ൽ മറുപടിയ്ക്ക്

### സർക്കാർ പ്രസ്സുകളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സർക്കാരിന്റെ അച്ചടി സംബന്ധമായ ജോലികൾ ചെയ്യുന്നതിനായി നിലവിൽ ഏതെല്ലാം സ്ഥാപനങ്ങൾ ആണുള്ളത് ; | (എ) 12.09.2011-ലെ സ.ഉ.(കൈ) 213/11/ ഉ.വി.വ., 22.09.2011-ലെ സ.ഉ.(കൈ) 231/11/ഉ.വി.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാരിന്റെ അച്ചടി സംബന്ധമായ ജോലികൾ ചെയ്യുന്നതിനായി ഗവൺമെന്റ് പ്രസ്സ്, സി-ആപ്റ്റ്. കെ.ബി.പി.എസ് എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. സാമൂഹിക നീതി, ആസൂത്രണ സാമ്പത്തിക കാര്യം, സാംസ്കാരിക കാര്യം, പാർലമെന്ററി കാര്യം, ഗതാഗതം, പരിസ്ഥിതി എന്നീ വകുപ്പുകൾ വളരെ അത്യാവശ്യഘട്ടങ്ങളിൽ മാത്രം അച്ചടി ജോലികൾ പുറത്തുകൊടുത്ത് നിർവ്വഹിക്കുന്നുണ്ട്. |
| (ബി) ഓരോ സ്ഥാപനത്തിന്റേയും പ്രവർത്തന മികവ് സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച റിപ്പോർട്ട് നൽകാമോ ; | (ബി) സർക്കാർ പ്രസ്സുകളുടെ അച്ചടി ശേഷിയും പ്രവർത്തനമികവും വിലയിരുത്തുന്നതിനായി വർക്ക് സ്റ്റഡി നടത്തുന്നതിന് (Kerala State Productivity Council) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

കെ.ബി.പി.എസ്- ന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് ഇതോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്.

സി-ആപ്റ്റിൽ പ്രവർത്തനമികവ് സംബന്ധിച്ച പഠനം നടത്തിയിട്ടില്ല.

(സി) സർക്കാർ പ്രസ്സുകളെ ആധുനികവൽക്കരിക്കുന്നതിനായി 01.06.2006 മുതൽ 31.03.2011 വരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; പ്രസ്തുത കാലയളവിൽ സർക്കാർ പ്രസിന്റെ ഓരോ യൂണിറ്റിലും ചെയ്ത ആധുനികവൽക്കരണ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ;

(സി) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

(ഡി) എത്ര രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ ആണ് നടത്തിയത് ;

(ഡി) നവീകരണപ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പാണ് നടത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഇ) 01.06.2011 മുതൽ 31.03.2013 വരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി ; എത്ര രൂപ ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ ?

(ഇ) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

(signature)

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**